# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3865 — 31.01.2014 ൽ മറുപടിയ്ക്ക്

## അംഗപരിമിതർക്ക് സഹകരണ സ്ഥാപനങ്ങളിൽ പുനർ നിയമനം - ശ്രീ. സി.കെ. പ്രകാശന്റെ ഹർജി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സർക്കാർ ഉത്തരവ് (പി) നമ്പർ 40/2013/സാ.നീ.വ. ഉത്തരവ് പ്രകാരം 16.08.1999 നും 31.12.2003 നും ഇടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയ അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിന് സഹകരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) നടപടി സ്വീകരിച്ചിട്ടുണ്ട്. സഹകരണ വകുപ്പിൽ ജോലി ചെയ്തിരുന്ന അംഗപരിമിതർക്ക്, സർക്കാരിന്റെ 18.5.2013 ലെ സ.ഉ.(പി) നമ്പർ 40/13/സാ.നീ.വ.ഉത്തരവ് പ്രകാരം പുനർനിയമനം നൽകിക്കൊണ്ടും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിച്ചിരുന്ന അംഗപരിമിതർക്ക് പുനർനിയമനം നൽകുന്നതിനായുള്ള നിർദ്ദേശം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകികൊണ്ടും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | മേൽ സൂചിപ്പിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിൽ ജോലി ചെയ്ത എത്രപേർക്ക് പുനർ നിയമനം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) മേൽ സൂചിപ്പിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിന് കീഴിൽ സേവനമനുഷ്ഠിച്ചിരുന്ന 6 അംഗപരിമിതർക്കും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന 20 അംഗപരിമിതർക്കും പുനർനിയമനം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പുനർ നിയമനത്തിനുള്ള ലിസ്റ്റിൽ ഉൾപ്പെട്ട കാസർഗോഡ് ജില്ലക്കാരനായ ശ്രീ. സി.കെ. പ്രകാശന് (ക്രമ നം. 7) ഇതുവരെ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം കാസർഗോഡ് | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 294 ജീവനക്കാർ ജോലി ചെയ്യുന്ന കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ നിയമാനുസൃതം അംഗപരിമിതർക്ക് നിയമനം നൽകപ്പെടേണ്ട എണ്ണത്തേക്കാൾ കൂടുതൽ ജീവനക്കാർ (9 എണ്ണം) നിലവിൽ ജോലി ചെയ്യുന്നതിനാലും 18.5.13-ലെ സ.ഉ(പി) നം. |

| | | |
|---|---|---|
| | ജില്ലാ ബാങ്കിൽ നിയമനം നൽകിയിട്ടില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമനം നൽകാതിരിക്കാനുള്ള കാരണം വിശദമാക്കുമോ; | 40/13/സാ.നീ.വ. പ്രകാരം പുനർ നിയമനം നൽകുവാൻ നിർദ്ദേശിച്ചിട്ടുള്ള 9 പേരുടെ നിയമനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഡബ്ല്യു.പി.സി.നം.24930/2013 പ്രകാരം റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ള സാഹചര്യത്തിലുമാണ് ശ്രീ. സി.കെ. പ്രകാശന് നിയമനം നൽകാതിരുന്നത്. |
| (ഡി) | മേൽ ഉത്തരവ് പ്രകാരം നിയമനം നൽകണമെന്ന ശ്രീ. സി.കെ. പ്രകാശന്റെ ഹർജി പരിഗണിക്കാത്ത ബാങ്ക് അധികൃതർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഡി) ശ്രീ.സി.കെ.പ്രകാശന്റെ ഹർജി പരിഗണിക്കുവാനായി കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിന് സഹകരണ സംഘം രജിസ്ട്രാർ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കാത്ത ബാങ്ക് അധികൃതർക്കെതിരെ നടപടി സ്വീകരിക്കുന്നത്, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ മുമ്പാകെയുള്ള റിട്ട് പെറ്റീഷന്മേലുള്ള വിധിന്യായത്തിന് വിധേയമായിട്ടായിരിക്കും. |

സെക്ഷൻ ഓഫീസർ

## പുനർനിയമനം നൽകിയിട്ടുള്ള അംഗപരിമിതരുടെ വിശദവിവരം

I. സഹകരണ വകുപ്പിന് കീഴിൽ പുനർനിയമനം നൽകിയിട്ടുള്ള അംഗപരിമിതരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | തസ്തിക |
|---|---|---|
| 1) | റ്റി.ബി.പ്രിയ | ലോവർ ഡിവിഷൻ ക്ലാർക്ക് |
| 2) | എൻ.അശ്രുപതി | ലോവർ ഡിവിഷൻ ക്ലാർക്ക് |
| 3) | എം.രാജൻ | ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് |
| 4) | വി.എം.ബാബു | ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് |
| 5) | ജലീലാ ബീവി.എസ് | ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് |
| 6) | ഷൈലാ.റ്റി | ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് |

II. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ പുനർനിയമനം നൽകിയിട്ടുള്ള അംഗപരിമിതരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിയമനം നൽകപ്പെട്ട അംഗപരിമിതരുടെ പേര് | തസ്തിക |
|---|---|---|---|
| 1 | കേരള സംസ്ഥാന സഹകരണ ബാങ്ക് | 1. മനോജ് കുമാർ.ജെ.ആർ<br>2. എൻ.വി.സന്തോഷ്കുമാർ<br>3. സോമലാൽ ഓജസ് | ക്ലാർക്ക് ഗ്രേഡ്-I<br>ക്ലാർക്ക് ഗ്രേഡ്-I<br>ക്ലാർക്ക് ഗ്രേഡ്-I |
| 2 | സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, കലൂർ, എറണാകുളം | 1. ടി.വി.ചന്ദ്രൻ<br>2. സജി കെ.യോഹന്നാൻ | ജൂനിയർ ക്ലാർക്ക്<br>ജൂനിയർ ക്ലാർക്ക് |
| 3 | തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്, തിരുവനന്തപുരം | 1. ശ്രീലേഖ.സി<br>2. ലത ജി.എസ്.<br>3. രാജീവ് വി.ജി | ഓഫീസ് അറ്റൻഡന്റ്<br>ഓഫീസ് അറ്റൻഡന്റ്<br>ഓഫീസ് അറ്റൻഡന്റ് |
| 4 | ഇടുക്കി ജില്ലാ സഹകരണ ബാങ്ക്, ഇടുക്കി | തോമസ് വർഗ്ഗീസ് പി.ഒ | ഓഫീസ് അറ്റൻഡന്റ് |
| 5 | പാലക്കാട് ജില്ലാ സഹകരണ ബാങ്ക് | 1. കെ.ബാലഗോപാലൻ<br>2. റംലത് എം.<br>3. കെ.വി.മോഹനൻ | ഓഫീസ് അറ്റൻഡന്റ്<br>ഓഫീസ് അറ്റൻഡന്റ്<br>ഓഫീസ് അറ്റൻഡന്റ് |
| 6 | വയനാട് ജില്ലാ സഹകരണ ബാങ്ക് | ബീനാ ജോർജ്ജ് | ടൈപ്പിസ്റ്റ് |
| 7 | കൊല്ലം ജില്ലാ സഹകരണ ബാങ്ക് | ജയന്തി.എം. | ഓഫീസ് അറ്റൻഡന്റ് |

| | | | |
|---|---|---|---|
| 8 | കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, കൊട്ടാരക്കര | 1. ജി.ആർ.മായ<br>2. സന്ധ്യ.എൻ | ജൂനിയർ ക്ലാർക്ക്<br>ജൂനിയർ ക്ലാർക്ക് |
| 9 | സുൽത്താൻ ബത്തേരി അർബൻ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് നമ്പർ 2034 | ഉമ.ഇ | ജൂനിയർ ക്ലാർക്ക് |
| 10 | വളപ്പാട് സർവ്വീസ് സഹകരണ ബാങ്ക്, തൃശ്ശൂർ | ലിഷ പി.എസ് | ജൂനിയർ ക്ലാർക്ക് |
| 11 | കോ-ഓപ്പറേറ്റീവ് ഠൗൺ ബാങ്ക്, കാസർഗോഡ് | എസ്.രാജേഷ് | ജൂനിയർ ക്ലാർക്ക് |
| 12 | റൂറൽ അഗ്രിക്കൾച്ചറൽ ബാങ്ക്, പെരിന്തൽമണ്ണ | സാജിത.ടി | ക്ലാർക്ക് |

സെക്ഷൻ ഓഫീസർ